## പതിമൂന്നാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 503 — 12.06.2012-ലെ മറുപടിയ്ക്ക്

### വിലനിലവാരം പിടിച്ചു നിർത്തുന്നതിന് കൺസ്യൂമർഫെഡിന്റെ ഇടപെടൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.റ്റി. ജോർജ്<br>,, റ്റി.എൻ പ്രതാപൻ<br>,, ലൂഡി ലൂയിസ്<br>,, പാലോട് രവി | | ശ്രീ. സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി) | |
| (എ) | പൊതുവിപണിയിലെ വിലനിലവാരം പിടിച്ചു നിർത്തുന്നതിന് കൺസ്യൂമർഫെഡ് നടത്തുന്ന ഇടപെടൽ ഫലപ്രദമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; | (എ) | സഹകരണ വകപ്പിന്റെ നേതൃത്വത്തിൽ കൺസ്യൂമർഫെഡ് മുഖേന സഹകരണ വിപണന കേന്ദ്രങ്ങളില്പടെ ഗുണമേൻമയുള്ള അവശ്യ നിത്യോപയോഗ സാധനങ്ങൽ പൊതു വിപണിയേക്കാൾ 20 മുതൽ 60% വരെ വിലക്കുറവിൽ സബ്സിഡി നൽകി ഉത്സവകാലങ്ങളിലും, വിലക്കയറ്റത്തിന്റെ പ്രത്യേക അവസരങ്ങളിലും വില്പന നടത്തുന്നു. അവസരത്തിനൊത്തുയർന്ന് പൊതു വിപണിയിൽ 15% മുതൽ 50% വരെ വില കുറയ്ക്കാൻ വ്യാപാരികൾ നിർബന്ധിതരായി എന്നാണ് ഇതു സംബന്ധിച്ച പഠനങ്ങൾ വെളിപ്പെടുത്തുന്നത്.<br>കൺസ്യൂമർഫെഡിന്റെ 221 ത്രിവേണി സ്റ്റോറുകളിലൂടെയും ഫെഡറേഷന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങൾ, 1200 ഓളം നീതി സ്റ്റോറുകളിലൂടെയും, കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്നവയും സഹകരണ സംഘങ്ങൾ നടത്തുന്നവയുമായ 1329 സ്റ്റോറുകളിലൂടെയും ആവശ്യമായ എല്ലാവിധ നിത്യോപയോഗ സാധനങ്ങളും മിതമായ വിലയ്ക്ക് എല്ലാവിധ ഉപഭോക്താക്കൾക്കും വർഷം മുഴുവൻ ലഭ്യമാക്കുന്നുണ്ട്. |
| (ബി) | സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകളുടെ പ്രവർത്തനം വ്യാപകമാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) | സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രത്യേക കാലങ്ങളിൽ സ്ബ്സിഡി നൽകി വിതരണം ചെയ്യുന്ന ഉൽപ്പന്നങ്ങൾ ഇതുവഴി വിറ്റഴിക്കുന്നതിനുള്ള നടപടികളെക്കുറിച്ച് ആലോചിക്കുമോ? | (സി) | സബ്സിഡി വിൽപ്പന കാലയളവിൽ സബ്സിഡി സാധനങ്ങൾ സബ്സിഡി നിരക്കിൽ മൊബൈൽ ത്രിവേണികളിലൂടെ ലഭ്യമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ